File No.EXC/4201/2019-XD3

**കേരള എക്സൈസ് വകുപ്പ്.**
**'മാതൃഭാഷ-മലയാളം'**
**എക്സൈസ് കമ്മീഷണറുടെ നടപടി ക്രമം,കേരള ,തിരുവനന്തപുരം**
**(ഹാജർ: എസ്.ആനന്ദകൃഷ്ണൻ .ഐ.പി.എസ്)**

വിഷയം : എക്സൈസ് ഭരണപരം- എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനീ), സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനീ), വനിതാ എക്സൈസ് ഓഫീസർ(ട്രെയിനീ) എന്നീ തസ്തികകളിലെ സ്റ്റൈപ്പന്റ് തുക , ലാവണം എന്നിവ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. G.O.(P) No.7/2016/Fin തിയതി.20.01.2016
2.GO(Rt) No.84/2018/TD തിയതി.12.12.2018
3.എക്സൈസ് അക്കാദമി പ്രിൻസിപ്പാളുടെ 07.08.2019 തീയതികളിൽ SEA No.3/833/2019, SEA No.3/871/2019 എന്നീ നമ്പർ കത്തുകൾ

**നമ്പർ.EXC/4201/2019-XD3 തീയതി: 06/09/2019**

സൂചന(2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനീ), സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനീ), വനിതാ സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനീ) എന്നീ തസ്തികകളിലെ സ്റ്റൈപ്പന്റ് തുക ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പ്രസ്തുത തസ്തികകളിലെ ശമ്പള സ്കെയിലിന്റെ മിനിമത്തിൽ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സീരിയൽ നമ്പർ | തസ് തിക | സ്റ്റൈപ്പന്റ് തുക |
|---|---|---|
| 1 | എക്സൈസ് ഇൻസ്പെക്ടർ(ട്രെയിനി) | 30700/- |
| 2 | സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനി) | 20000/- |
| 3 | വനിതാ സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനി) | 20000/- |

2. എക്സൈസ് അക്കാദമിയിൽ പരിശീലനത്തിന് ഹാജരാകുന്ന സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനീ), വനിതാ സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനീ) എന്നിവരുടെ ലാവണം മുൻകാലങ്ങളിൽ ചെയ്തുവന്നിരുന്ന പോലെ തുടർന്നും അതാത് ഡിവിഷനുകളിൽ നിന്നും എക്സൈസ് അക്കാദമിയിലേക്കു മാറ്റാനുള്ള അധികാരം മേൽ സൂചിപ്പിച്ച ഉത്തരവിലൂടെ കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം എക്സൈസ് അക്കാദമിയിൽ പരിശീലനത്തിന് ഹാജരാകുന്ന സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനീ), വനിതാ സിവിൽ എക്സൈസ് ഓഫീസർ(ട്രെയിനീ) എന്നിവർക്ക് അവരുടെ എണ്ണത്തിനനുസരിച്ചുള്ള ലവണങ്ങൾ അക്കാദമിയിലേക്ക് പ്രിൻസിപ്പൽ മാറ്റി വിവരം എക്സൈസ് ആസ്ഥാനത്ത് അറിയിക്കേണ്ടതാണ്. ഇവർക്ക് ഇപ്രകാരം മാറ്റപ്പെട്ട ലാവണങ്ങളിൽ സ്റ്റൈപ്പന്റ് തുക

മാറി നൽകുന്നതിനുള്ള അധികാരവും എക്സൈസ് അക്കാദമി പ്രിൻസിപ്പലിന് ഇതിനാൽ നൽകി ഉത്തരവാകുന്നു.

3.എക്സൈസ് ഇൻസ്പെക്ടർ (ട്രെയിനീ) തസ്തികയിലെ ലാവണം നിശ്ചയിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2019.09.06 15:50:46 IST
Reason: Approved

S. AANANTHAKRISHNAN IPS
EXCISE COMMISSIONER

ഗ്രാഹകൻ: പ്രിൻസിപ്പാൾ , എക്സൈസ് അക്കാഡമി , തൃശ്ശൂർ

പകർപ്പ്: 1. അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

2. അഡിഷണൽ എക്സൈസ് കമ്മിഷണർ (എൻഫോഴ്സ്മെന്റ്),തിരുവനന്തപുരം

3..ജോയിന്റ് എക്സൈസ് കമ്മിഷണർ, എല്ലാം

4..ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ , എല്ലാം

5.ഉത്തരവ് ഫയൽ/ സ്റ്റോക്ക് ഫയൽ